Kerala Gazette No. 49 dated 13th December 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 11270/ലെജി. ഇ4/83. തിരുവനന്തപുരം, 1983 നവംബർ 11.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ അഴിമതി നിരോധന (കേരള ഭേദഗതി) ബിൽ ഉദ്ദേശ കാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ഡത്തോടുംകൂടി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

ഏഴാം കേരള നിയമസഭ

ബിൽ നമ്പർ 68

1983-ലെ അഴിമതി നിരോധന (കേരള ഭേദഗതി) ബിൽ

1947-ലെ അഴിമതി നിരോധന ആക്റ്റ് കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1947-ലെ അഴിമതി നിരോധന ആക്റ്റ് കേരള സംസ്ഥാനത്തിനു ബാധകമാകുന്നിടത്തോളം, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ,

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ അഴിമതി നിരോധന (കേരള ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1947-ലെ 2-ാം കേന്ദ്ര ആക്റ്റിന്റെ ഭേദഗതി.—1962-ലെ കേരള ക്രിമിനൽ നിയമ ഭേദഗതി ആക്റ്റ് (1962-ലെ 27) മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള 1947-ലെ അഴിമതി നിരോധന ആക്റ്റ് (1947-ലെ 2-ാം കേന്ദ്ര ആക്റ്റ്) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, (ബിബി) എന്ന ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിബിബി)

(i) ഒരു സംസ്ഥാന ആക്റ്റുമൂലമോ അല്ലെങ്കിൽ അതിൻകീഴിലോ സ്ഥാപിക്കപ്പെട്ടതോ അല്ലെങ്കിൽ ഒരു കേന്ദ്ര ആക്റ്റിൻകീഴിൽ സംസ്ഥാന സർക്കാരിനാൽ സ്ഥാപിക്കപ്പെട്ടതോ ആയ ഒരു കോർപ്പറേഷന്റെ, അല്ലെങ്കിൽ

(ii) സംസ്ഥാന സർക്കാരിന് അൻപത്തിയൊന്ന് ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനമുള്ളതും 1956-ലെ കമ്പനി ആക്റ്റിലെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു കമ്പനിയുടെ സേവനത്തിലോ അല്ലെങ്കിൽ ശമ്പളത്തിലോ ഉള്ള ഒരു ആളുടെ സംഗതിയിൽ സംസ്ഥാന സർക്കാരിന്റെയും";

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1947-ലെ അഴിമതി നിരോധന ആക്റ്റ് (1947-ലെ 2-ാം കേന്ദ്ര ആക്റ്റ്) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലേയോ അല്ലെങ്കിൽ കേരള

സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള മറ്റേതെങ്കിലും കോർപ്പറേഷനിലേയോ അല്ലെങ്കിൽ കമ്പനിയിലേയോ ഒരു ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ മറ്റു ജീവനക്കാരനേയോ ആ ആക്റ്റുപ്രകാരം പ്രോസിക്യൂട്ടു ചെയ്യുന്നതിന് മുൻകൂട്ടിയുള്ള അനുമതി നൽകാൻ അധികാരമുള്ള തക്ക അധികാരസ്ഥാനം, ഉദ്യോഗസ്ഥാനത്തുനിന്നും അയാളെ നീക്കം ചെയ്യാൻ അധികാരമുള്ള അധികാരസ്ഥാനമാണ്.

മേല്പറഞ്ഞ ബോർഡിലേയോ അല്ലെങ്കിൽ കോർപ്പറേഷനിലേയോ അല്ലെങ്കിൽ കമ്പനിയിലേയോ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ മറ്റു ജീവനക്കാരനേയോ അയാളുടെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാൻ അധികാരമുള്ള അധികാരസ്ഥാനം, അതതുസംഗതിപോലെ, ബോർഡോ അല്ലെങ്കിൽ കോർപ്പറേഷനോ അല്ലെങ്കിൽ കമ്പനിയുടെ ഡയറക്ടർ ബോർഡോ അല്ലെങ്കിൽ അപ്രകാരമുള്ള ബോർഡിന്റേയോ അല്ലെങ്കിൽ കോർപ്പറേഷന്റേയോ അല്ലെങ്കിൽ ഡയറക്ടർ ബോർഡിന്റേയോ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ആയിരിക്കുന്നതാണ്. 1947-ലെ അഴിമതി നിരോധന ആക്റ്റ് പ്രകാരം അപ്രകാരമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ മറ്റു ജീവനക്കാരനേയോ പ്രോസിക്യൂട്ടു ചെയ്യുന്നതിന് മുൻകൂട്ടിയുള്ള അനുമതി നൽകാൻ അധികാരമുള്ള അധികാരസ്ഥാനം അപ്രകാരമുള്ള അനുമതി നൽകുന്നതിനു കാലതാമസം വരുത്തുകയോ അല്ലെങ്കിൽ അനുമതി നൽകാതിരിക്കുകയോ ചെയ്യുന്ന പക്ഷം, അപ്രകാരമുള്ള ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ മറ്റുജീവനക്കാരനേയോ പ്രോസിക്യൂട്ടു ചെയ്യാനുള്ള നടപടികൾ എടുക്കുവാൻ വിജിലൻസ് വകുപ്പിനു സാധിക്കുന്നതല്ല.

2. പ്രോസിക്യൂഷൻ നടപടികൾ തുടങ്ങാനാവശ്യമായ മുൻകൂട്ടിയുള്ള അനുമതി ഒന്നുകിൽ നൽകാത്തതുകൊണ്ടോ അല്ലെങ്കിൽ നൽകുന്നതിനു കാലതാമസം വരുന്നതുകൊണ്ടോ മേല്പറഞ്ഞ ബോർഡിലേയും കോർപ്പറേഷനിലേയും കമ്പനികളിലേയും ഉദ്യോഗസ്ഥന്മാർക്കും മറ്റു ജീവനക്കാർക്കുമെതിരായി 1947-ലെ അഴിമതി നിരോധന ആക്റ്റ് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ തുടങ്ങാൻ വിജിലൻസ് വകുപ്പിന് വൈഷമ്യങ്ങൾ നേരിടുന്നു എന്ന് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. അതിനാൽ പ്രസ്തുത ആക്റ്റു പ്രകാരം മേല്പറഞ്ഞ ബോർഡിലേയോ കോർപ്പറേഷനിലേയോ അല്ലെങ്കിൽ. കമ്പനിയിലേയോ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ജീവനക്കാരനേയോ പ്രോസിക്യൂട്ടു ചെയ്യുന്നതിനാവശ്യമായ മുൻകൂട്ടിയുള്ള അനുമതി നൽകാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നതിനായി, പ്രസ്തുതആക്റ്റ്, അത് കേരള സംസ്ഥാനത്തിനു ബാധകമാകുന്നിടത്തോളം, ഭേദഗതി ചെയ്യേണ്ടതാവശ്യമാണെന്നു കരുതപ്പെടുന്നു.

3. മേല്പറഞ്ഞ ഉദ്ദേശം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ഡം

കൂടുതലായി ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഉദ്ദേശമില്ലാത്തതിനാൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുന്ന പക്ഷം, സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ഗണ്യമായ കൂടുതൽ ചെലവ്

ഉണ്ടാകുന്നതല്ല. എന്നാൽ വിജിലൻസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെയും സാക്ഷികളുടെയും യാത്രാബത്തയ്ക്കും ദിനബത്തയ്ക്കുമുള്ള ചെലവിനത്തിൽ നേരിയ വർദ്ധനവുണ്ടാകാം. ഈ ഇനത്തിൽ ഉണ്ടാകാവുന്ന കൂടുതൽ ചെലവ് കൃത്യമായി നിർണ്ണയിക്കാൻ ഇപ്പോൾ സാദ്ധ്യമല്ല.

വയലാർ രവി

(ശരിതർജ്ജമ)

എ. പിച്ച പെരുമാൾ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി,

Kerala Gazette No. 49 dated 13th December, 1983.

Part II

കേരള നിയമസഭാ സെക്രട്ടറിയേറ്റ്

വിജ്ഞാപനം

നമ്പര്‍: 11709/എല്‍.എ4/83. തിരുവനന്തപുരം, 1983 നവംബര്‍, 30.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിര്‍വ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ കേരള പൊതുമുതല്‍ (നശിപ്പിക്കലും നഷ്ടപ്പെടുത്തലും തടയല്‍) ബില്‍ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ഡത്തോടും ഏല്പിച്ചുകൊടുക്കപ്പെട്ട നിയമനിര്‍മ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡത്തോടുംകൂടി ഇതിനാല്‍ പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടര്‍ ആര്‍. പ്രസന്നന്‍,
സെക്രട്ടറി.

1983-ലെ കേരള പൊതുമുതൽ (നശിപ്പിക്കലും നഷ്ടപ്പെടുത്തലും തടയൽ) ബിൽ

കേരള സംസ്ഥാനത്ത് പൊതുമുതലിനേയും പൊതുജനങ്ങളേയും സംബന്ധിക്കുന്ന ചില പ്രവൃത്തികൾക്ക് ശിക്ഷ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പൊതുമുതലിനേയും പൊതുജനങ്ങളേയും സംബന്ധിക്കുന്ന ചില പ്രവൃത്തികൾക്കു ശിക്ഷ നൽകുന്നതിനും അതുമായി ബന്ധപ്പെട്ട സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 1983-ലെ കേരള പൊതുമുതൽ (നശിപ്പിക്കലും നഷ്ടപ്പെടുത്തലും തടയൽ) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 1983 സെപ്റ്റംബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

2. പൊതുമുതലോ യന്ത്രസാമഗ്രിയോ സംബന്ധിച്ച് ദ്രോഹം ചെയ്യുന്നതിനുള്ള ശിക്ഷ.— ആരെങ്കിലും—

(i) ജംഗമമോ സ്ഥാവരമോ ആയ ഏതെങ്കിലും പൊതുമുതലിനേയോ അഥവാ യന്ത്രസാമഗ്രിയേയോ സംബന്ധിച്ച് ഏതെങ്കിലും ദ്രോഹം ചെയ്ത് നാശം വരുത്തുകയും അതുമൂലം നൂറുരൂപയോ അതിൽ കൂടുതലോ വരുന്ന തുകയ്ക്കുള്ള നഷ്ടമോ നാശമോ വരുത്തുകയോ; അഥവാ

(ii) പൊതുജനങ്ങൾക്കോ അഥവാ ഏതെങ്കിലും ആൾക്കോ ഏതെങ്കിലും ആവശ്യത്തിന് ഏർപ്പെട്ടിട്ടുള്ള ജലവിതരണത്തിന് കുറവു വരുത്താനോ അഥവാ ഏതെങ്കിലും പൊതു ദ്രവ്യത്തിനെ കവിഞ്ഞൊഴുകാനോ അതിന്

തടസ്സം സൃഷ്ടിക്കാനോ കാരണമാകുന്നതോ അഥവാ കാരണമാകാനിടയുണ്ടെന്ന് അയാൾക്ക് അറിയാവുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്ത് ദ്രോഹം ചെയ്യുകയോ; അഥവാ

(iii) പ്രകൃതിദത്തമോ മനുഷ്യനിർമ്മിതമോ ആയ ഏതെങ്കിലും പൊതു റോഡോ, പാലമോ അഥവാ ഗതാഗതയോഗ്യമായ തോടോ, സഞ്ചാരയോഗ്യമല്ലാതാക്കുകയോ അഥവാ സഞ്ചാരത്തിനോ സാധനങ്ങൾ കൊണ്ടുപോകുന്നതിനോ സുരക്ഷിതത്വം കുറഞ്ഞതാക്കുകയോ ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്തു ദ്രോഹം ചെയ്യുകയോ; അഥവാ

(iv) ജംഗമമോ അഥവാ സ്ഥാവരമോ ആയ ഏതെങ്കിലും പൊതുമുതലിനോ അഥവാ യന്ത്രസാമഗ്രിക്കോ നൂറുരൂപയോ അതിൽ കൂടുതലോ വരുന്ന തുകയ്ക്കുള്ള നഷ്ടം വരുത്തുന്നതിനുദ്ദേശിച്ചുകൊണ്ടോ, അഥവാ താൻ അങ്ങനെ ചെയ്യുന്നതായാൽ നഷ്ടം ഉണ്ടാകാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, തീയോ അഥവ ഏതെങ്കിലും സ്ഫോടക വസ്തുവോ കൊണ്ട് ദ്രോഹം ചെയ്യുകയോ ചെയ്താൽ;

അയാൾക്ക് ആറുമാസത്തിൽ കുറയാത്തതും എന്നാൽ അഞ്ചുവർഷംവരെ വരാവുന്നതുമായ തടവും, പിഴയും ശിക്ഷ നൽകേണ്ടതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ പറയേണ്ട മതിയായതും പ്രത്യേകവുമായ ഏതെങ്കിലും കാരണങ്ങളാൽ, ആറുമാസത്തിൽ കുറവായ കാലത്തേയ്ക്കുള്ള തടവുശിക്ഷ ചുമത്താവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി,—

(i) ''ദ്രോഹം'' എന്നതിന് ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 425-ാം വകുപ്പിൽ കൊടുത്തിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ii) ''ജംഗമമോ സ്ഥാവരമോ ആയ പൊതുമുതൽ അഥവാ യന്ത്രസാമഗ്രി'' എന്നാൽ—

(എ) സംസ്ഥാന സർക്കാരിന്റെയോ; അഥവാ കേന്ദ്രസർക്കാരിന്റെയോ; അഥവാ

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയോ അഥവാ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെയോ അഥവാ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ, ഉള്ള മറ്റേതെങ്കിലും കോർപ്പറേഷന്റെയോ, പൊതുമേഖലാ സംരംഭത്തിന്റെയോ; അഥവാ

(സി) ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ അഥവാ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന്റെയോ അഥവാ, സംരംഭത്തിന്റെയോ; അഥവാ

(ഡി) കേരള സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയുടെയോ; അഥവാ

(ഇ) ഗസററു വിജ്ഞാപനംമൂലം സംസ്ഥാന സർക്കാർ ഇതിനുവേണ്ടി പ്രത്യേകം പറയുന്ന മറേറതെങ്കിലും സ്ഥാപനത്തിന്റേയോ ഉടമസ്ഥതയിലോ അഥവാ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും മുതലോ അഥവാ യന്ത്ര സാമഗ്രിയോ എന്നർത്ഥമാകുന്നു.

3. മോട്ടോർ വാഹനങ്ങളിൽ യാത്രചെയ്യുന്ന ആളുകളുടെ മേൽ കല്ല്, ഇഷ്ടിക മുതലായവ എറിയുന്നതിനുള്ള ശിക്ഷ.— ഏതെങ്കിലും മോട്ടോർ വാഹനത്തിൽ സഞ്ചരിക്കുന്ന ആളുകളുടെ മേൽ കല്ലോ, ഇഷ്ടികയോ, സോഡാക്കുപ്പിയോ അഥവാ മറേറതെങ്കിലും വസ്തുവോ, എന്തായാലും വേണ്ടതില്ല, എറിയുകയോ അഥവാ എറിയാൻ പ്രേരിപ്പിക്കുകയോ, ഉത്സാഹിപ്പിക്കുകയോ അല്ലെങ്കിൽ മററുവിധത്തിൽ പ്രേരണ നൽകുകയോ ചെയ്യുന്ന ഏതൊരാൾക്കും ആറുമാസത്തിൽ കുറവല്ലാത്തതും, എന്നാൽ അഞ്ചു വർഷം വരെ വരാവുന്നതുമായ തടവും, പിഴയും ശിക്ഷ നൽകേണ്ടതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ പറയേണ്ടുന്ന മതിയായതും പ്രത്യേകവുമായ ഏതെങ്കിലും കാരണങ്ങളാൽ, ആറുമാസത്തിൽ കുറവായ കാലത്തേക്കുള്ള തടവുശിക്ഷ ചുമത്താവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി ''മോട്ടോർ വാഹനം'' എന്നതിന് 1939-ലെ മോട്ടോർ വാഹന ആക്ററ് (1939-ലെ 4-ാം കേന്ദ്ര ആക്ററ്) 2-ാം വകുപ്പ് (18)-ാം ഖണ്ഡത്തിൽ കൊടുത്തിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

4. ജാമ്യം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—2-ാം വകുപ്പോ അഥവാ 3-ാം വകുപ്പോപ്രകാരം ആരുടെമേൽ ഒരു കുററം ചുമത്തപ്പെടുകയോ അഥവാ കുററം സ്ഥാപിക്കപ്പെടുകയോ ചെയ്യുന്നുവോ അങ്ങനെയുള്ള യാതൊരാളെയും, അയാൾ കസ്ററഡിയിലാണെങ്കിൽ, അയാളെ മോചിപ്പിക്കാനുള്ള അപേക്ഷയെ എതിർക്കുവാൻ പ്രോസിക്യൂഷന് അവസരം നൽകിയിട്ടില്ലാത്തപക്ഷം, ജാമ്യത്തിൻമേലോ അഥവാ സ്വന്തം ജാമ്യത്തിൻമേലോ മോചിപ്പിക്കാൻ പാടില്ലാത്തതാണ്.

5. നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ഉത്തരവ്.—(1) ഈ ആക്ററു പ്രകാരമുള്ള ഒരു കുററത്തിന് പിഴശിക്ഷ ചുമത്തുന്നപക്ഷം, കോടതിക്ക്, വിധിന്യായം പാസ്സാക്കുമ്പോൾ, വസൂലാക്കുന്ന പിഴ മുഴുവനായോ അഥവാ അതിന്റെ ഏതെങ്കിലും ഭാഗമോ—

(എ) പ്രോസിക്യൂഷൻ നടത്തിയപ്പോൾ യഥാവിധി നേരിട്ട ചെലവുകൾ കൊടുത്തുതീർക്കുന്നതിനോ;

(ബി) കുററകൃത്യംമൂലം ഏതെങ്കിലും നഷ്ടമോ അഥവാ ഹാനിയോ സംഭവിച്ച ഏതെങ്കിലും ആൾക്ക് നഷ്ടപരിഹാരം നൽകുന്നതിനോ;

(സി) പ്രകൃതിദത്തമോ, മനുഷ്യനിർമ്മിതമോ ആയ ഏതെങ്കിലും പൊതു റോഡോ, പാലമോ അഥവാ ഗതാഗതയോഗ്യമായ റോഡോ ഉൾപ്പെടെയുള്ള പൊതുമുതലോ യന്ത്രസാമഗ്രിയോ, അതതുസംഗതിപോലെ, പുനഃസ്ഥാപിക്കുന്നതിനോ പൂർവ്വസ്ഥിതിയിലാക്കുന്നതിനോവേണ്ടി വിനിയോഗിക്കുന്നതിന് ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(2) അപ്പീലിന് വിധേയമായ ഒരു കേസിൽ പിഴ ചുമത്തുന്ന പക്ഷം, അത് അപ്പീൽ ബോധിപ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ള സമയം കഴിയുന്നതിനു മുൻപും അല്ലെങ്കിൽ, അപ്പീൽ ബോധിപ്പിച്ചുകഴിഞ്ഞതാണെങ്കിൽ, അപ്പീലിന്റെ തീരുമാനത്തിനു മുൻപും അപ്രകാരം പണം കൊടുക്കാൻ പാടില്ലാത്തതാണ്.

(3) ഒരു അപ്പീൽ കോടതിയോ, ഹൈക്കോടതിയോ അല്ലെങ്കിൽ സെഷൻസ് കോടതിയോ അതിന്റെ പുനഃപരിശോധനാധികാരം വിനിയോഗിക്കുമ്പോഴും ഈ വകുപ്പുപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(4) ഇതേ സംഗതിയെ സംബന്ധിച്ച് പിന്നീടുണ്ടാകുന്ന ഏതെങ്കിലും സിവിൽകേസിൽ നഷ്ടപരിഹാരം, അനുവദിക്കുമ്പോൾ ഈ വകുപ്പുപ്രകാരം നഷ്ടപരിഹാരമായി കൊടുത്തതോ അഥവാ വസൂലാക്കിയതോ ആയ തുക കോടതി കണക്കിലെടുക്കേണ്ടതാണ്.

6. കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള അധികാരം.—ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റു പ്രകാരം ശിക്ഷാർഹമായിട്ടുള്ള യാതൊരു കുറ്റവും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

7. ഒഴിവാക്കൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽക്കാലം പ്രാബല്യത്തിലുള്ള, മറ്റേതൊരു നിയമത്തിനും പുറമേയുള്ളതും, അതിന് ദോഷം ചെയ്യുന്നതല്ലാത്തതും ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ, അന്വേഷണ രീതിയിലോ മറ്റെന്തെങ്കിലും തരത്തിലോ ഏതെങ്കിലും വ്യക്തിക്കെതിരായി ഈ ആക്റ്റിനു പുറമേ ആരംഭിക്കാവുന്ന ഏതെങ്കിലും നടപടിയിൽ നിന്നും അയാളെ ഒഴിവാക്കുന്നതല്ലാത്തതുമാകുന്നു.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 1983–ലെ കേരള പൊതുമുതൽ (നശിപ്പിക്കലും നഷ്ടപ്പെടുത്തലും തടയൽ) ഓർഡിനൻസ് (1983–ലെ 30), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽകൂടി പ്രസ്തുത ഓർഡിനൻസു പ്രകാരം ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യമോ എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയോ ഈ ആക്റ്റു പ്രകാരം ചെയ്തതായോ എടുത്തതായോ കരുതേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

പണിമുടക്കുകളും മറ്റ് പ്രക്ഷോഭണങ്ങളും നടക്കുന്ന സമയം, പൊതു വാഹനങ്ങളും മറ്റ് പൊതുമുതലും തീ വെയ്ക്കുക അഥവാ മറ്റ് തരത്തിൽ നശിപ്പിക്കുക, യാത്രക്കാരായ പൊതുജനങ്ങളെ കല്ലെറിയുക മുതലായ അക്രമപ്രവർത്തികൾ സാമൂഹ്യദ്രോഹികൾ നടത്തുന്നതായി കാണുന്നു. അപ്രകാരമുള്ള അക്രമപ്രവൃത്തികൾ ഫലപ്രദമായി തടയുന്നതിന് തക്കതായ യാതൊരു നിയമവും ഇപ്പോൾ നിലവിലില്ല. അപ്രകാരമുള്ള നിയമവിരുദ്ധ പ്രവൃത്തികൾ ഫലപ്രദമായി തടയുന്നതിനുവേണ്ടി അപ്രകാരമുള്ള പ്രവൃത്തികൾക്ക് മാതൃകാപരമായ ശിക്ഷ നൽകുന്നതിന് വ്യവസ്ഥചെയ്യുന്ന ഒരു നിയമം ഉണ്ടാക്കുന്നത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. നിയമസഭ, സമ്മേളനത്തിൽ അല്ലാതിരുന്നതിനാലും, സംഗതി അടിയന്തിരസ്വഭാവത്തോടുകൂടിയതായിരുന്നതിനാലും, 1983 സെപ്റ്റംബർ 5-ാം തീയതി, ഗവർണ്ണർ, 1983-ലെ കേരള പൊതു മുതൽ (നശിപ്പിക്കലും നഷ്ടപ്പെടുത്തലും തടയൽ) ഓർഡിനൻസ് (1983-ലെ 30) വിളംബരപ്പെടുത്തി.

3. ഓർഡിനൻസ് വിളംബരപ്പെടുത്തുന്നതിന് രാഷ്ട്രപതിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ അറിയിക്കുമ്പോൾ, ''ജംഗമമോ സ്ഥാവരമോ ആയ പൊതുമുതൽ അഥവാ യന്ത്രസാമഗ്രി'' എന്നതിന്റെ നിർവ്വചനത്തിൽ, കേന്ദ്ര സർക്കാരിന്റെയോ ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ അഥവാ കേന്ദ്രഗവൺമെന്റിന്റെയോ, അഥവാ ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന്റെയോ, സംഘത്തിന്റെയോ, ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള മുതലോ യന്ത്രസാമഗ്രിയോ, ഉൾപ്പെടുത്തുന്നത് അഭിലഷണീയമായിരിക്കുമെന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

4. മേല്പറഞ്ഞ ഭേദഗതിയോടുകൂടി സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റുമൂലം ഈ ഓർഡിനൻസിനു പകരം വയ്ക്കുന്നതിന് ഈ ബില്ലു കൊണ്ടുദ്ദേശിക്കുന്നു.

ധനകാര്യമെമ്മോറാണ്ഡം

ബിൽ, നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഏല്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡം

ബില്ലിലെ 2-ാം ഖണ്ഡത്തിൻകീഴിലുള്ള വിശദീകരണം, (ii) (ഇ) എന്ന ഇനമനുസരിച്ച് ഗസററിൽ വിജ്ഞാപനം മൂലം, (ii) (എ) ഇനം മുതൽ (ii) (ഡി) ഇനംവരെയുള്ളതിൽ എടുത്തു പറഞ്ഞിട്ടുള്ളതല്ലാത്ത മററ് ഏതെങ്കിലും സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും മുതലോ യന്ത്ര സാമഗ്രിയോ ''ജംഗമമോ, സ്ഥാവരമോ ആയ പൊതുമുതലോ യന്ത്രസാമഗ്രിയോ'' ആയി പ്രത്യേകം പറയുന്നതിനു സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഏതുകാര്യത്തെ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത് ആ കാര്യം ഭരണപരമായ സ്വഭാവത്തോടുകൂടിയതാണ്. അതുകൊണ്ട് ഏല്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

വയലാർ രവി

(ശരിത്തർജ്ജമ)

എം. പി. പെരുമാൾ,
അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

കേരള നിയമസഭാ സെക്രട്ടറിയേറ്റ്

വിജ്ഞാപനം

നമ്പർ 11782/എൻ എ 4 എ/83.   തിരുവനന്തപുരം, 1983 ഡിസംബർ, 5.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ '69-ാം ചട്ടപ്രകാരം 1983-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ഡത്തോടും ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടത്തോടും കൂടി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
സെക്രട്ടറി.

1983-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ

1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ്, വീണ്ടും ഭേദഗതിചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും ആക്റ്റിന്റെ 8-ാം വകുപ്പുപ്രകാരം ട്രൈബ്യൂണലുകൾ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട വളരെയധികം അപേക്ഷകൾ, ഒന്നുകിൽ, കസ്റ്റോഡിയന്റെയോ, സർക്കാരിന്റെയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണലുകൾ മുമ്പാകെ വച്ച് നല്കപ്പെടുന്ന സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ട്രൈബ്യൂണലുകൾ മുമ്പാകെ പ്രസക്തമായ അടിസ്ഥാന വിവരങ്ങളും മററു വിവരങ്ങളും ഹാജരാക്കുന്നതിലുള്ള വീഴ്ച്ച കാരണമായോ അപേക്ഷകർക്ക് അനുകൂലമായി തീരുമാനിക്കപ്പെട്ടിരിക്കയാലും;

വളരെയധികം കേസുകളിൽ ആ തീരുമാനങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് അപേക്ഷിക്കുകയും അവ ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായോ അല്ലെങ്കിൽ തീരുമാനങ്ങൾ ട്രൈബ്യൂണലുകൾ മുമ്പാകെവച്ചു നല്കപ്പെട്ട സൗജന്യങ്ങളുടെ അടിസ്ഥാനത്തിലാണ് എടുത്തിട്ടുള്ളതാണെന്ന കാരണത്താലോ അല്ലെങ്കിൽ മററു കാരണങ്ങളാലോ ട്രൈബ്യൂണലുകളുടെ അങ്ങനെയുള്ള തീരുമാനങ്ങൾക്കെതിരായി ഹൈക്കോടതി മുമ്പാകെ അപ്പീലുകൾ ബോധിപ്പിച്ചിട്ടില്ലാതിരിക്കയാലും;

സർക്കാർ, പ്രസ്തുത ആക്റ്റിന്റെ 8എ വകുപ്പുപ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത വളരെയധികം അപ്പീലുകൾ ഒന്നുകിൽ സർക്കാരിന്റെ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ കോടതി മുമ്പാകെവച്ചു നല്കപ്പെടുന്ന സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളും മററു വിവരങ്ങളും പ്രസ്തുത കോടതി മുമ്പാകെ ഹാജരാക്കുന്നതിലുള്ള വീഴ്ച്ച കാരണമായോ ഹൈക്കോടതി തള്ളിക്കളഞ്ഞിരിക്കയാലും;

പ്രസ്തുത ആക്റ്റ് 8എ വകുപ്പുപ്രകാരം ഹൈക്കോടതിയുടെ ഉത്തരവുകൾക്കെതിരായി അപ്പീൽ സമർപ്പിക്കുന്നതിനുള്ള പ്രത്യേകാനുമതിക്കുവേണ്ടിയുള്ള സർക്കാരിന്റെ ഹർജികൾ സുപ്രീം കോടതി തള്ളിക്കളഞ്ഞിരിക്കയാലും;

പ്രസ്തുത ആക്റ്റു പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വരുമായിരുന്ന സ്വകാര്യ വനങ്ങളുടേയോ അഥവാ സ്വകാര്യവനങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള ഭൂമികളുടേയോ കൈവശം കസ്റ്റോഡിയൻ, ആ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് അവയുടെ ഉടമസ്ഥരായിരുന്ന ആളുകൾക്ക് തിരിച്ചുകൊടുക്കാനിടയുണ്ടായിരിക്കുകയും, തൽഫലമായി സർക്കാരിന് വൻപിച്ച നഷ്ടവും പൊതു താൽപര്യത്തിന് ഹാനിയും ഉണ്ടാകുകയും ചെയ്യുമെന്നിരിക്കയാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റ് എന്നു പേർ പറയാം.

(2) ഇത് 1983 നവമ്പർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 8 ബി. 8 സി. 8 ഡി എന്നീ പുതിയ വകുപ്പുകൾ ഇടയ്ക്കു ചേർക്കൽ.—1971-ലെ കേരള സ്വകാര്യ വന (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണു പറയപ്പെടുക) 8 എ വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ഇടയ്ക്കു ചേർക്കണം, അതായത്:—

'8 ബി. ട്രൈബ്യൂണലിന്റെ തീരുമാനങ്ങൾ പുന:പരിശോധന (റിവ്യൂ) ചെയ്യുന്നതിനുവേണ്ടി അപേക്ഷ ബോധിപ്പിക്കാൻ കസ്റ്റോഡിയനുള്ള അധികാരം.—(1) ഈ ആക്റ്റിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്), അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ മറ്റു അധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കസ്റ്റോഡിയന്, ട്രൈബ്യൂണലിന്റെ 8-ാം വകുപ്പിൻ കീഴിലുള്ള ഏതെങ്കിലും തീരുമാനം, അത്, കസ്റ്റോഡിയന്റേയോ, സർക്കാരിന്റേയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണൽ മുമ്പാകെ നല്കപ്പെടുന്ന സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളോ മറ്റു വിവരങ്ങളോ ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കാനുള്ള വീഴ്ച കാരണമായോ എടുത്തിട്ടുള്ളതാണെന്ന കാരണത്താൽ പുന:പരിശോധിക്കേണ്ടത് ആവശ്യമാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിനുവേണ്ടി അപേക്ഷിക്കുകയും അതു ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായി അങ്ങനെയുള്ള തീരുമാനത്തിനെതിരായി ഒരു അപ്പീൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നോ അദ്ദേഹത്തിനു ബോദ്ധ്യമാകുന്ന പക്ഷം, അങ്ങനെയുള്ള തീരുമാനം പുന:പരിശോധിക്കുന്നതിനുവേണ്ടി 1983-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിനുള്ളിൽ ട്രൈബ്യൂണലിന് ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫാറത്തിലായിരിക്കേണ്ടതും അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ സത്യബോധ്യപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, ഈ ആക്റ്റിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്), തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മററ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ട്രൈബ്യൂണൽ അതിന്റെ തീരുമാനം പുന:പരിശോധിക്കുകയും അതിനു യുക്തമെന്നു തോന്നാവുന്ന ഉത്തരവുകൾ പാസ്സാക്കുകയും ചെയ്യേണ്ടതാകുന്നു.

8 സി. ചില സംഗതികളിൽ അപ്പീലോ പുന:പരിശോധനയ്ക്കുള്ള അപേക്ഷയോ ഫയൽ ചെയ്യാൻ സർക്കാരിനുള്ള അധികാരം.—

(1) ഈ ആക്റ്റിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്),

അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മററ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ട്രൈബ്യൂണലിന്റെ 8-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും തീരുമാനം കസ്റ്റോഡിയന്റെയോ ഗവൺമെന്റിന്റെയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണൽ മുമ്പാകെ നൽകപ്പെടുന്ന സമ്മതങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളോ മററു വിവരങ്ങളോ ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കാനുള്ള വീഴ്ച കാരണമായോ എടുത്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിനുവേണ്ടി അപേക്ഷിക്കുകയും അതു ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായി അങ്ങനെയുള്ള തീരുമാനത്തിനെതിരായി അപ്പീൽ ബോധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നോ സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം, അവർക്ക് 1983-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള തീരുമാനത്തിനെതിരായി ഹൈക്കോടതിക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) ഈ ആക്റ്റിലോ, 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്), തത്സമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മററ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 8എ വകുപ്പു പ്രകാരമുള്ള ഒരു അപ്പീലിൻമേലുള്ള ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവ് (ഏത്. ഉത്തരവിന് എതിരായാണോ സുപ്രീംകോടതിക്കുള്ള ഒരു അപ്പീലിന് ആ കോടതി അനുവാദം നല്കിയിട്ടില്ലാത്തത് അങ്ങനെയുള്ള ഒരുത്തരവ് ഉൾപ്പെടെ) സർക്കാരിന്റെ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ഹൈക്കോടതിയിൽ നല്കപ്പെടുന്ന സമ്മതങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളോ മററു വിവരങ്ങളോ ഹൈക്കോടതി

മുമ്പാകെ ഹാജരാക്കുന്നതിലുള്ള വീഴ്ച കാരണമായോ പാസ്സാക്കപ്പെട്ടിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിനുവേണ്ടി അപേക്ഷിക്കുകയും അതു ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായി അങ്ങനെയുള്ള ഉത്തരവിനെതിരായി സുപ്രീം കോടതി മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നോ സർക്കാരിന് ബോദ്ധ്യമാകുന്ന പക്ഷം, അവർക്ക് 1983-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിനുള്ളിൽ, അങ്ങനെയുള്ള ഉത്തരവ് പുന:പരിശോധന ചെയ്യുന്നതിനുവേണ്ടി ഹൈക്കോടതി മുമ്പാകെ ഒരു അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള അപ്പീലോ (2)-ാം ഉപവകുപ്പുപ്രകാരമുള്ള അപേക്ഷയോ നിർണ്ണയിക്കപ്പെട്ട ഫാറത്തിലായിരിക്കേണ്ടതും അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ സത്യബോധപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

(4) (1)-ാം ഉപവകുപ്പു പ്രകാരമുള്ള അപ്പീലോ (2)-ാം ഉപവകുപ്പു പ്രകാരമുള്ള അപേക്ഷയോ ലഭിക്കുന്നതിന്മേൽ, ഈ ആക്ടിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഹൈക്കോടതിക്ക്, കക്ഷികൾക്ക്, നേരിട്ടോ അല്ലെങ്കിൽ പ്രതിനിധി മുഖേനയോ, പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നല്കിയതിനുശേഷം, അതിന്മേൽ, അതിന് യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

8ഡി. **പുന:പരിശോധന ചെയ്യപ്പെടാനോ എതിരായി അപ്പീൽ ബോധിപ്പിക്കപ്പെടാനോ വിധേയമായുള്ള തീരുമാനങ്ങളും ഉത്തരവുകളും സ്റ്റേ ചെയ്യപ്പെടേണ്ടതാണെന്ന്.**—തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും.—

(എ) 8ബി വകുപ്പ് (1)-ാം ഉപവകുപ്പിലോ 8സി വകുപ്പ് (1)-ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ടിട്ടുള്ള ട്രൈബ്യൂണലിന്റെ ഏതെങ്കിലും തീരുമാനവും;

(ബി) 8സി വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവും;

(സി) അങ്ങനെയുള്ള ഏതെങ്കിലും തീരുമാനത്തിനോ ഉത്തരവിനോ അനുസൃതമായിട്ടുള്ള ഏതെങ്കിലും നടപടികളും; 1983-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിലേയ്ക്കോ, അല്ലെങ്കിൽ, പ്രസ്തുത ആറുമാസക്കാലയളവ് അവസാനിക്കുന്നതിന് മുമ്പ്, അതതുസംഗതിപോലെ,

8 ബി വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമോ, 8സി വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരമോ അങ്ങനെയുള്ള തീരുമാനമോ ഉത്തരവോ പുന:പരിശോധിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ കൊടുത്തിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ 8സി വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം അങ്ങനെയുള്ള തീരുമാനത്തിനെതിരായി ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടായിരിക്കുകയോ ചെയ്യുന്നപക്ഷം, അതതു സംഗതിപോലെ, അങ്ങനെയുള്ള അപേക്ഷയോ അപ്പീലോ തീർപ്പാക്കപ്പെടുന്നതുവരെയോ സ്റ്റേ ചെയ്യപ്പെടുന്നതാണ്.

3. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 1983-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1983-ലെ 39) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽക്കൂടി, പ്രസ്തുത ഓർഡിനൻസു മൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റു പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ അഥവാ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റു മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റു പ്രകാരം ചെയ്തതായോ എടുത്തതായോ കരുതേണ്ടതാണ്.

ഉദ്ദേശ കാരണങ്ങളുടെ വിവരണം

സ്വകാര്യവനങ്ങളിലെ നിക്ഷിപ്ത പ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാകുന്നതിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഫോറസ്റ്റ് ട്രൈബ്യൂണലുകളുടെ ഉത്തരവിന് എതിരായി ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള പല അപ്പീലുകളും അവ പ്രസ്സുചെയ്യാതിരുന്നതിനാൽ തള്ളിക്കളഞ്ഞതായും അവയിൽ പലതും ചില സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കിയതായും കാണപ്പെട്ടു. ഫോറസ്റ്റ് ട്രൈബ്യൂണലുകളുടെ തീരുമാനങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭിക്കുന്നതിന് ചില കേസ്സുകളിൽ നടപടികൾ എടുക്കാതിരുന്നതിന്റെ ഫലമായി അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലാവധി കാലഹരണപ്പെട്ടുപോയി. അങ്ങനെയുള്ള കേസ്സുകളിൽ തീരുമാനങ്ങൾ അന്തിമമായിത്തീരുകയും സംസ്ഥാനത്തിന്റെ അവകാശവാദങ്ങൾ, വല്ലതുമുണ്ടെങ്കിൽ, അവ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്ന യാതൊരു വ്യവസ്ഥയും ഉണ്ടായിരുന്നുമില്ല. 1971-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റിന്റെ 8-ാം വകുപ്പ് പ്രകാരം ഫോറസ്റ്റ് ട്രൈബ്യൂണലുകളുടെ മുൻപാകെ ബോധിപ്പിച്ചിരുന്ന അപേക്ഷകളിൽ പലതും നിക്ഷിപ്തവനങ്ങളുടെ കസ്റ്റോഡിയന്റെയോ അഥവാ സർക്കാരിന്റെയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണലുകളുടെ മുമ്പാകെ വച്ച് നല്കിയ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ട്രൈബ്യൂണലുകളുടെ മുമ്പാകെ പ്രസക്തമായ അടിസ്ഥാന വിവരങ്ങളും മററ് വിവരങ്ങളും ഹാജരാക്കുന്നതിലുള്ള വീഴ്ച കാരണമായോ അപേക്ഷകർക്ക് അനുകൂലമായി തീരുമാനിച്ചിട്ടുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

2. സംഗതി പരിശോധിച്ചതിനുശേഷം, അതതു സംഗതിപോലെ, കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മുമ്പാകെ, പ്രസക്തമായ എല്ലാ

വസ്തുതകളും ബോധിപ്പിച്ചിട്ടില്ലെന്നോ അഥവാ സർക്കാരിനു വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആളുടെ ഭാഗത്ത് നിന്നും തെറ്റോ, ഉപേക്ഷയോ, ചതിയോ, ഉണ്ടായിട്ടുണ്ടെന്നോ സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം, അന്തിമമായി തീർന്ന തീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിനായി ഹൈക്കോടതിയുടെയും നിക്ഷിപ്ത വനങ്ങളുടെ കസ്റ്റോഡിയന്റെയും മുമ്പാകെ അപ്പീലുകളോ അപേക്ഷകളോ ബോധിപ്പിക്കുന്നതിനും, ട്രൈബ്യൂണലുകൾ മുമ്പാകെ അപേക്ഷകൾ ബോധിപ്പിക്കുന്നതിനും സർക്കാരിനെ പ്രാപ്തമാക്കുന്നതിനായുള്ള വ്യവസ്ഥ 1971-ലെ കേരള സ്വകാര്യവന (നിക്ഷിപ്തമാക്കലും ഭേദഗതിയും) ആക്റ്റിൽ ഉണ്ടാക്കുന്നതിനായി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

3. നിയമസഭ സമ്മേളനത്തിലില്ലാതിരുന്നതിനാലും, സംഗതി അടിയന്തിരസ്വഭാവമുള്ളതായിരുന്നതിനാലും, 1983-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1983-ലെ 39) 1983 നവംബർ 18-ാം തീയതി ഗവർണ്ണർ വിളംബരം ചെയ്തു. സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് മൂലം ഈ ഓർഡിനൻസിനുപകരം വയ്ക്കുന്നതിന് ഈ ബില്ല് കൊണ്ട് ഉദ്ദേശിക്കുന്നു.

ധനകാര്യമെമ്മോറാണ്ഡം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽകൊണ്ടുവരുകയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ഡം

ബില്ലിന്റെ 2-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 8ബി എന്ന പുതിയ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, പ്രസ്തുത വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ പ്രസ്തുത ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള തീരുമാനം പുന:പരിശോധിക്കുന്നതിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ പരിശോധിക്കേണ്ടതും ആണെന്ന് വ്യവസ്ഥചെയ്യുന്നു.

ബില്ലിന്റെ 2-ാം ഖണ്ഡം മൂലം ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 8സി എന്ന പുതിയ വകുപ്പിലെ (3)-ാം ഉപവകുപ്പ്, ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം ഹൈക്കോടതിയിൽ ബോധിപ്പിക്കുന്ന ഒരു അപ്പീലും, (2)-ാം ഉപവകുപ്പുപ്രകാരം പുന:പരിശോധിക്കുന്നതിനുവേണ്ടിയുള്ള ഒരപേക്ഷയും, നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ പുന:പരിശോധിക്കേണ്ടതും ആണെന്ന് വ്യവസ്ഥ ചെയ്യുന്നു.

രൂപം നിർണ്ണയിക്കുന്നതിനുള്ള അധികാരവും, സത്യബോധപ്പെടുത്തേണ്ട രീതിയും, അവധി സംബന്ധിച്ചുള്ളവയാണ്. അതുകൊണ്ട് ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

കെ. പി. നൂറുദ്ദീൻ.

(ശരിതർജ്ജമ)

എ. പി. പെരുമാൾ,

നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി.